# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*147 — 06/03/2017-ൽ മറുപടിയ്ക്ക്

## റബ്ബർ ബോർഡുമായി സഹകരിച്ചുള്ള പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി ഗീതാ ഗോപി<br>ശ്രീ.മുല്ലക്കര രത്നാകരൻ<br><br>ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ<br>ശ്രീമതി സി.കെ. ആശ | ശ്രീ. വി.എസ്.സുനിൽ കുമാർ<br>(ബഹു.കൃഷി വകുപ്പ് മന്ത്രി) |
| (എ) റബ്ബർ ബോർഡുമായി സഹകരിച്ച് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ കൃഷിവകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ; ഈ വിഷയത്തിൽ ചർച്ച നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;<br><br>(ബി) റബ്ബർ ബോർഡുമായി സഹകരിച്ച് ഇടവിളയായി പഴം, പച്ചക്കറി എന്നിവ കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഇതിന്റെ പുരോഗതി വെളിപ്പെടുത്തുമോ; | (എ) & (ബി) ഉണ്ട്. റബ്ബർ ബോർഡുമായി സഹകരിച്ച് പുതുകൃഷി / ആവർത്തനകൃഷി ചെയ്ത റബ്ബർ തോട്ടങ്ങളിൽ ആദ്യത്തെ മൂന്ന് വർഷക്കാലയളവിൽ ലഭ്യമായ സ്ഥലവും സൂര്യപ്രകാശവും പ്രയോജനപ്പെടുത്തി ഇടവിളയായി വാഴ, പച്ചക്കറി വിളകൾ തുടങ്ങിയവയുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്. ഇതു സംബന്ധിച്ച് 12/01/2017-ൽ കോട്ടയത്തെ ഭാരതീയ റബ്ബർ ഗവേഷണ കേന്ദ്രത്തിൽ വെച്ച് കൃഷി ഉദ്യോഗസ്ഥരേയും റബ്ബർ ബോർഡ് ഉദ്യോഗസ്ഥരേയും പങ്കെടുപ്പിച്ചുകൊണ്ട് ഒരു ഏകദിന ശില്പശാല നടത്തുകയും, സർക്കാർ തലത്തിൽ മൂന്ന് ചർച്ചകൾ നടത്തുകയുമുണ്ടായി.<br>കൂടാതെ റബ്ബർ ബോർഡു വികസിപ്പിച്ചെടുത്ത റബ്ബർ സോയിൽ ഇൻഫർമേഷൻ സിസ്റ്റം (RUBSIS) മറ്റു വിളകളുടെ കാര്യത്തിൽക്കൂടി വികസിപ്പിച്ചെടുക്കുന്നതിന് സഹകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |

(....2)

| | |
|---|---|
| (സി) റബ്ബർ ടാപ്പിംഗ് തൊഴിലാളികൾക്ക് മെച്ചപ്പെട്ട കൃഷി രീതികൾ പരിചയപ്പെടുത്തുന്നതിനായി റബ്ബർ ബോർഡുമായി സഹകരിച്ച് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | (സി) കേന്ദ്ര ഗവൺമെന്റിന്റെ നൈപുണ്യ വികസന വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് കൃഷി വകുപ്പും റബ്ബർ ബോർഡുമായി സഹകരിച്ച് 15 കോടി രൂപ ചിലവിൽ പരിശീലന പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |

**സെക്ഷൻ ഓഫീസർ**